**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 515** **23-07-2021 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷൻ മുഖേന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ വീട്ടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ട് മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന് എന്നീ നാല് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയും, ചീക്കോട് കുടിവെള്ള പദ്ധതിയിൽ നിന്നും പള്ളിക്കൽ പഞ്ചായത്തിലെ എല്ലാ വീട്ടുകളിലും കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയും, കടലുണ്ടിപുഴയിലെ പാറക്കടവിൽ നിലവിലുള്ള കിണറും പമ്പ്ഹൗസും ഉപയോഗപ്പെടുത്തി ജല ശുദ്ധീകരണ ശാലയും, ടാങ്കുകളും, വിതരണശൃംഖലയും സ്ഥാപിച്ച് പെരുവള്ളൂർ പഞ്ചായത്തിലെ എല്ലാ വീട്ടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | നിലവിൽ ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതർ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പാലം, വള്ളിക്കുന്ന് കുടിവെള്ളപദ്ധതിക്കുവേണ്ടി 27653 ലക്ഷം രൂപയുടെയും, പെരുവള്ളൂർ കുടിവെള്ളപദ്ധതിക്കു വേണ്ടി 5175 ലക്ഷംരൂപയുടെയും പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയുടെ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പള്ളിക്കൽ പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിച്ച ഗാർഹികകണക്ഷൻ നൽകുന്ന പ്രവർത്തിക്ക് 3000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിനുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുതപദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി വള്ളിക്കുന്ന് മണ്ഡലത്തിലെ എല്ലാ വീട്ടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകളിലൂടെ സുരക്ഷിതമായ കുടിവെള്ളം ലഭിക്കുകയും അതിലൂടെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാകുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ